# 15. 1988

'അതിക്രാന്ത സുഖാഃ കാലാഃ
പ്രത്യുപസ്ഥിത ദാരുണാഃ
ശ്വഃ ശ്വഃ പാപീയ ദിവസാഃ
പൃഥിവീ ഗതയൗവനാ.'

മഹാഭാരതത്തിൽ വ്യാസൻ എഴുതിയ ഈ പ്രസിദ്ധ പദ്യമാണ് അടുത്ത വർഷം എങ്ങനെയിരിക്കും എന്ന് ആലോചിക്കുമ്പോൾ നിർവചിക്കാനാവാത്ത ഒരു വേദനപോലെ എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. ദ്വാപരയുഗം അവസാനിച്ച് കലിയുഗം ആരംഭിക്കുന്ന ഘട്ടത്തിലാണ് വ്യാസൻ ആ പദ്യം എഴുതിയത്. 'കാലത്തിൽനിന്നു സുഖമെല്ലാം ചോർന്നുപോയിരിക്കുന്നു. ഭയാനകങ്ങളായ സംഭവങ്ങൾ അടുത്തടുത്തു വന്നുകൊണ്ടിരിക്കുന്നു. നാളത്തേക്കാൾ പാപം ഏറിയ ദിവസമായിരിക്കും മറ്റന്നാൾ. ഭൂമിയുടെ യൗവനം നഷ്ടപ്പെട്ടിരിക്കുന്നു' എന്ന വ്യാസന്റെ ആ വിലാപം ഇപ്പോൾ പ്രസക്തമാണോ? മഹാഭാരതയുദ്ധം ഇന്ത്യയുടെ ദേശീയചരിത്രത്തിൽ കുറിച്ചതുപോലുള്ള ഒരു യുഗസന്ധിയാണോ ഇപ്പോൾ മനുഷ്യവർഗത്തിന്റെ ചരിത്രത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്?

ഇടത്തരം അണു—ആയുധ റോക്കറ്റുകൾ യൂറോപ്പിൽനിന്നു നീക്കംചെയ്യുന്നതു സംബന്ധിച്ച ഒരു സന്ധിയിൽ റേയ്ഗനും ഗോർബച്ചേവും ഒപ്പുവെച്ചതൊഴിച്ചാൽ ആഹ്ലാദകരങ്ങളും അഗാധ പ്രാധാന്യം ഉൾക്കൊള്ളുന്നവയുമായ വളരെയൊന്നും സംഭവങ്ങൾ 1987—ൽ അന്താരാഷ്ട്രീയരംഗത്തു നടക്കുകയുണ്ടായില്ല. ഇന്ത്യയിലാണെങ്കിൽ 1987—ാമാണ്ട് വരൾച്ചയുടെയും ക്ഷാമത്തിന്റെയും വിലക്കയറ്റത്തിന്റെയും ഭീകരപ്രവർത്തകർ നടത്തിയ ക്രൂരങ്ങളായ നരഹത്യകളുടെയും ജാതി—മത സംഘട്ടനങ്ങളുടെയും തെളിയിക്കുകയോ നിരാകരിക്കുകയോചെയ്യാത്ത അഴിമതിയാരോപണങ്ങളുടെയും രാഷ്ട്രീയമായ അനിശ്ചിതത്വത്തിന്റെയും ത്വരിതമായ മൂല്യച്യുതിയുടെയും വർഷമായിരുന്നു.

കഴിഞ്ഞ കാലവർഷക്കാലത്ത് ഇന്ത്യയുടെ ഏതാനും ഭാഗങ്ങളിൽ വലിയ തോതിൽ വെള്ളപ്പൊക്കമുണ്ടായെങ്കിലും രാജ്യത്തിലെ അധികം പ്രദേശങ്ങളും നാല് ആണ്ടുകളായി ഭീഷണമായ വരൾച്ചയുടെ പിടിയിലാണ്. മഴയുടെ ചതി ഏററവുമധികം അനുഭവപ്പെടുന്ന സ്റ്റേററ് ആയ രാജസ്ഥാനിൽ ഒരു കോടി ജനങ്ങളും മൂന്നരക്കോടി കന്നുകാലികളും വരൾച്ചകൊണ്ട് അവശതയിലായിട്ടുണ്ടെന്നു കാണുന്നു. കന്നുകാലികൾ വലിയതോതിൽ ചത്തൊടുങ്ങുകയോ കൊല്ലപ്പെടുകയോചെയ്തിട്ടുണ്ട്. 1988 ഏപ്രിലിൽ സർക്കാർവക ദുരിതനിവാരണ ക്യാമ്പുകളിൽ ഇരുപത്തഞ്ചുലക്ഷം കന്നുകാലികളെ സംരക്ഷിക്കേണ്ടിവരുമെന്നും ഓരോ കന്നുകാലിക്കും മാസം നൂററമ്പതു രൂപവീതം രാജസ്ഥാൻ സർക്കാർ ചെലവഴിക്കേണ്ടിവരുമെന്നും 1988 ജൂൺ ആവുമ്പോഴേക്കു ദുരിതനിവാരണ ക്യാമ്പുകളിലെ കന്നുകാലികളുടെ എണ്ണം മുപ്പതുലക്ഷത്തിൽ കവിയുമെന്നും ചില കണക്കുകളിൽ കാണുകയുണ്ടായി. രാജസ്ഥാനിലെ വരൾച്ചയുടെ രൂക്ഷത ഇതിൽനിന്ന് ഊഹിക്കാവുന്നതാണ്. ഇന്ത്യയിലെ മററു മിക്ക പ്രദേശങ്ങളുടെയും സ്ഥിതി വളരെയൊന്നും വ്യത്യസ്തമല്ല.

വരൾച്ചയുടെ ഫലമായി 1987—ൽ ഇന്ത്യയിലെ ധാന്യം ഉല്പാദനം 1986—ലേതിനേക്കാൾ പത്തുലക്ഷം ടണ്ണെങ്കിലും കുറവായിരുന്നു എന്നാണ് റിസർ

വ്ബാങ്ക് കണക്കാക്കിയിട്ടുള്ളത്. സർക്കാരിന്റെ കൈയിൽ വേണ്ടത്ര കരുതൽ ധാന്യശേഖരം ഉള്ളതിനാൽ ഈ കുറവ് പൂഴ്ത്തിവെപ്പിലേക്കും കരിഞ്ചന്തയിലേക്കും പട്ടിണിമരണങ്ങളിലേക്കും നയിച്ചേക്കുകയില്ല. 1987–ൽ പരുത്തിവിള 1986–നോളംതന്നെ ഉണ്ടായിരുന്നെങ്കിലും, ചണവിളയിൽ വലിയ കുറവു സംഭവിച്ചിട്ടുണ്ട്. ഇതു വ്യാവസായികമാന്ദ്യത്തിനു കാരണമായിക്കൂടായ്കയില്ല. എണ്ണക്കുരുക്കളുടെ ഉല്പാദനവും വലിയ അളവിൽ കുറഞ്ഞിട്ടുണ്ട്. ഇറക്കുമതിയിലൂടെ ഈ കുറവു സർക്കാർ നികത്തിക്കൊണ്ടിരിക്കുകയാണ്. കരിമ്പു കൃഷിയിലും വൻതോതിൽ മാന്ദ്യം ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് റിസർവ്ബാങ്ക് കരുതുന്നത്.

1987 ഏപ്രിൽമുതൽ ഒക്ടോബർവരെയുള്ള ഏഴു മാസങ്ങളിൽ ഇന്ത്യയിലെ ആറ് അടിസ്ഥാന വ്യവസായങ്ങളിലുണ്ടായ ഉല്പാദനം 1986–ൽ ഇതേകാലത്തുണ്ടായ ഉല്പാദനത്തേക്കാൾ അരശതമാനം കുറവായിരുന്നു. വ്യാവസായിക ഉല്പാദനത്തിനു മുഖ്യതടസ്സമായിരുന്നതു വൈദ്യുതിയുടെ ദൗർലഭ്യമാണ്. ഈ ദൗർലഭ്യം പരിഹരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ 1988–ൽ മൊത്തം വ്യാവസായിക ഉല്പാദനം 1987–ലേതിനേക്കാൾ കുറഞ്ഞിരിക്കാനാണു സാദ്ധ്യത. 1986–87–ൽ 4.7 ശതമാനം വർദ്ധന മൊത്തം ദേശീയ ഉല്പാദനത്തിൽ (ജി. ഡി. പി.) ഉണ്ടായപ്പോൾ, 1987–88–ൽ ഈ വർദ്ധന 1.5 ശതമാനം മാത്രമായിരുന്നു എന്നു റിസർവ്ബാങ്ക് കണക്കാക്കിയിട്ടുണ്ട്. 1988–89–ലെ ഉല്പാദനം ഇതിനേക്കാൾ മോശപ്പെട്ടുമോ? പറയാൻ വയ്യ.

നിത്യോപയോഗസാധനങ്ങളുടെ വില പിടിച്ചുനിർത്താനാകാത്തവിധം ഉയർന്നുവരികയാണ്. പരിപ്പ്, ഭക്ഷ്യഎണ്ണകൾ, പച്ചക്കറികൾ മുതലായ ചില അത്യാവശ്യ വസ്തുക്കൾക്ക് ഇക്കഴിഞ്ഞ ഒരാണ്ടിൽ നൂറുശതമാനത്തിലേറെ വില ഉയർന്നിട്ടുണ്ട്. 1986 സെപ്റ്റംബർ മുതൽ 1987 സെപ്റ്റംബർവരെയുള്ള ഒരു വർഷത്തിൽ ഉപഭോക്തൃ വിലസൂചിക 10.21 ശതമാനം ഉയർന്നു എന്നാണ് സർക്കാർ കണക്ക്. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഭക്ഷ്യഎണ്ണകളുടെ വില 30.6 ശതമാനവും എണ്ണക്കുരുക്കളുടെ വില 29.4 ശതമാനവും നാരുകളുടെ വില 51.2 ശതമാനവും ധാന്യവില 7.3 ശതമാനവും പാലിന്റെയും ഗവ്യങ്ങളുടെയും വില 12.5 ശതമാനവും ഉയർന്നതായും അടുത്തു പ്രസിദ്ധം ചെയ്ത ചില കണക്കുകളിൽ കാണുകയുണ്ടായി. യഥാർത്ഥ വിലവർദ്ധന ഇതിലൊക്കെ എത്രയോ അധികമാണ്. അംഗീകൃത റേഷൻഷാപ്പുകളിൽ ആവശ്യത്തിനു നിത്യോപയോഗസാധനങ്ങൾ കിട്ടാനില്ലാത്തപ്പോൾ അവയ്ക്കുതന്നെ വലിയ വിലയ്ക്ക് ഇതേ സാധനങ്ങൾ ഇഷ്ടംപോലെ നൽകുന്ന കടകൾ കാണാം. ഔദ്യോഗിക സമ്പദ്ഘടനയോടൊപ്പം പ്രകടമായിത്തന്നെ ഒരു സമാന്തര സമ്പദ്ഘടനയും നമ്മുടെ നാട്ടിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഏഴാം പദ്ധതിക്കാലത്തു ദേശീയവരുമാനത്തിൽ അഞ്ചുശതമാനം വർദ്ധന ഉണ്ടാകുമെന്നാണ് ഇന്ത്യാഗവണ്മെന്റ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, 1986–87–ലെ യഥാർത്ഥ വർദ്ധന പൂജ്യം ശതമാനമാണെന്നു ലോകബാങ്കും, ഒന്നരശതമാനമാണെന്നു റിസർവ്ബാങ്കും കണക്കാക്കിയിട്ടുണ്ട്. 1988–90–ൽ കൃഷി–വ്യവസായ മേഖലകളിൽ ത്വരിതഗതിയിൽ വർദ്ധന ഉണ്ടാവുന്നില്ലെങ്കിൽ ഏഴാം പദ്ധതി ഒരു പരാജയമായി കലാശിക്കും. പക്ഷേ, 1988–ൽ വരൾച്ച കൂടുതൽ രൂക്ഷമാവുമെന്നാണു ഭയപ്പെടേണ്ടതു്. ഇതു കൃഷിയേയും വ്യവസായത്തേയും അത്യന്തം ദോഷകരമായി ബാധിക്കുകയും ചെയ്യും.

കയററുമതിസാധനങ്ങളുടെ വിലയ്ക്കു കിട്ടാവുന്നതിനേക്കാൾ കൂടുതൽ സാധനങ്ങൾ നാം ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതുനിമിത്തം 1987–88–ൽ ഇന്ത്യയുടെ വിദേശവ്യാപാരക്കമ്മി എഴുന്നൂറുകോടി ഡോളറോളം വരുമെന്നു ലോകബാങ്ക് കണക്കാക്കിയിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നോളം മറുനാടുകളിൽനിന്നു വാങ്ങിയ കടത്തിന്റെ പലിശയും മുതലും തിരിച്ചടയ്ക്കേണ്ട ബാദ്ധ്യതയും ഇന്ത്യയ്ക്കുണ്ട്. നാം കയററി അയയ്ക്കുന്ന പ്രാഥമിക ഉല്പന്നങ്ങൾക്കു ലോക

വിപണികളിൽ വില കുറവാണ്; ഇറക്കുമതിചെയ്യുന്ന യന്ത്രസാമഗ്രികൾക്കും മററും വില കൂടുതലും. പാകിസ്ഥാനുമായുള്ള ആയുധമത്സരം നിമിത്തം ഉല്പാദകങ്ങളല്ലാത്ത ഉപകരണങ്ങൾ വാങ്ങുന്നതിനു വലിയതോതിൽ നാം പണം ചെലവഴിക്കേണ്ടിവരുന്നു. ചുരുക്കത്തിൽ, ഇന്ത്യയുടെ വിദേശവ്യാപാരത്തിന്റെ ചിത്രം വളരെയൊന്നും ശോഭനമല്ല.

സാധനദൗർലഭ്യത്തോടൊപ്പം നാട്ടിൽ നാണയങ്ങൾ പെരുകിവരികയാണ്. നാണ്യപ്പെരുപ്പത്തിന്റെ ശതമാനം ഈയാണ്ടിൽ രണ്ടക്കസംഖ്യയിൽ കവിഞ്ഞുപോയേക്കാമെന്ന ആശങ്ക പലരും പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്നർത്ഥം ലഘുസമ്പാദ്യക്കാരായ ഇടത്തരക്കാരുടെ ജീവകാലസമ്പാദ്യം ഏറെക്കുറെ മുഴുവനും തുടച്ചുനീക്കപ്പെടുക എന്നതായിരിക്കും. സമൂഹത്തെ അടിയോടെ ഉലയ്ക്കുന്ന ഒരു സംഭവവികാസമാണു നാണ്യപ്പെരുപ്പം.

സാധനദൗർലഭ്യത്തേക്കാൾ ശോചനീയമാണ് ഇന്ത്യയിലെ സേവനദൗർലഭ്യം. ഗ്രാമങ്ങളിലായാലും നഗരങ്ങളിലായാലും കുടിവെള്ളത്തിന്റെ ലഭ്യത ആണ്ടോടാണ്ടു കുറഞ്ഞുവരികയാണ്. കിട്ടുന്ന വെള്ളത്തിന്റെ അളവിൽ വരുന്ന കുറവിനേക്കാൾ പരിതാപകരമാണു ഗുണമേന്മയിൽവരുന്ന കുറവ്. നമ്മുടെ റോഡുകൾ സഞ്ചാരക്ഷമങ്ങളല്ലാതായിരിക്കുന്നു. തീവണ്ടി—ബസ് ഗതാഗതം അസഹ്യമായ യാതനയായി മാറിയിരിക്കുന്നു. നഗരങ്ങളിലോ ഗ്രാമങ്ങളിലോ ശുചീകരണവ്യവസ്ഥകൾ പ്രവർത്തിക്കുന്നില്ല. ആസ്പത്രികൾ പെരുകുന്ന തോതിനു വൈദ്യശുശ്രൂഷയുടെ മേന്മയും വിശ്വാസ്യതയും കുറയുന്നു. വിദ്യാഭ്യാസവ്യവസ്ഥിതി ആകാവുന്നത്ര അധഃപതിച്ചിരിക്കുന്നു. രാഷ്ട്രീയസ്ഥാപനങ്ങളിൽനിന്നു ധർമബോധം പൂർണമായും ചോർന്നുപോയിരിക്കുന്നു. കോഴ അവയിൽ മര്യാദയായിരിക്കുന്നു. അധികാരത്തിലേക്കുള്ള ചവിട്ടുപടികൾ മാത്രമായിരിക്കുന്നു രാഷ്ട്രീയപ്പാർട്ടികൾ. സേവനം അവയുടെ പരിപാടിയല്ലാതായിരിക്കുന്നു.

ഇന്ത്യയിൽ വിഘടനവാദികൾ ശക്തിയാർജിച്ചുവരികയാണ്. പഞ്ചാബ്പ്രശ്നം നീറിപ്പുകയുന്നു. ഗോർഖാലാൻഡ്പ്രശ്നം കത്തിയും കെട്ടും തുടരുന്നു.

കുറേക്കാലമായി അടങ്ങിക്കിടന്നിരുന്ന നക്സലൈററുകൾ ഒരു തിരിച്ചുവരവു നടത്തിക്കഴിഞ്ഞുവെന്ന് ആന്ധ്രപ്രദേശിലെ ഐ. എ. എസ്. ഉദ്യോഗസ്ഥരുടെ തട്ടിക്കൊണ്ടുപോകൽ നാടകത്തിലൂടെ പ്രകടമായിരിക്കുന്നു. ആന്ധ്രപ്രദേശ് ഗവണ്മെന്റ് ഈ പ്രശ്നത്തിൽ നക്സലൈററുകൾക്കു പൂർണമായും കീഴടങ്ങുകയാണുണ്ടായത്. മററു പ്രദേശങ്ങളിൽ ഇത്തരം സാഹസിക പരീക്ഷണങ്ങളിലേർപ്പെടാൻ തീവ്രവാദികൾക്ക് ഇതു പ്രേരണനൽകാതിരിക്കുകയില്ല.

അയൽനാടുകളുമായുള്ള ഇന്ത്യയുടെ ബന്ധത്തിൽ കാര്യമായ എന്തെങ്കിലും മാററം 1988—ൽ പ്രതീക്ഷിക്കേണ്ടതില്ല. അമേരിക്കൻ സഹായത്തോടെ പാകിസ്ഥാൻ സൈനികശക്തി വർദ്ധിപ്പിക്കുന്ന തോതിന് ഇന്ത്യയും സായുധസജ്ജത നേടേണ്ടിവരും. പാകിസ്ഥാൻ അണുബോംബ് ഉണ്ടാക്കിയാൽ ഇന്ത്യയും അണുബോംബുകൾ നിർമിച്ചുകൂട്ടാൻ നിർബന്ധിതമാവും. രണ്ടു രാജ്യങ്ങളെയും പാപ്പരാക്കുവാനേ ഈ ആയുധപ്പന്തയം പ്രയോജനപ്പെടുകയുള്ളു.

സിലോണുമായുള്ള നമ്മുടെ ബന്ധം ഏതുവഴിക്കു തിരിയുമെന്ന് ഇനിയും പറയാനാവില്ല. ചൈനയുമായുള്ള അതിർത്തിത്തർക്കവും ഏതു സമയത്തും പൊട്ടിത്തെറിക്കാവുന്ന ബോംബുകളുടെ ഒരു ശൃംഖലപോലെ നമ്മുടെ വടക്കെ അതിർത്തിയിൽ നെടുകെ കിടക്കുന്നു.

രാജ്യത്തിനകത്ത് ഹിന്ദു—മുസ്ലിം സംഘർഷത്തിൽ അയവുവരുന്നതായി കാണുന്നില്ല. ഇപ്പോൾ പുകഞ്ഞുകിടക്കുന്ന രാമജന്മഭൂമി പ്രശ്നം എപ്പോഴാണു കത്തിയാളുക എന്ന് ആർക്കറിയാം.

കേരളത്തിൽ 1988—ാമാണ്ട് പുലരുന്നത് പഞ്ചായത്ത്—മുനിസിപ്പാലിററി തിരഞ്ഞെടുപ്പുകളോടെയാണ്. ഈ തിരഞ്ഞെടുപ്പുകൾക്കുശേഷം ജില്ലാ

ഭരണസ്ഥാപനങ്ങൾകൂടെ നിലവിൽവന്നാൽ ഭരണത്തിന്റെ വളരെ വലിയ ഒരു മേഖലയിൽ ഉത്തരവാദിത്വം നേരിട്ടു ജനങ്ങളിൽ നിക്ഷിപ്തമാകും. പഞ്ചായത്തു്—മുനിസിപ്പാലിറ്റി—ജില്ലാ ഭരണത്തിൽ പാർട്ടി പൊളിറ്റിക്സിനു യാതൊരു പ്രസക്തിയുമില്ല. എല്ലാ ജനങ്ങളുടെയും ക്ഷേമമായിരിക്കണം ഈ തലത്തിൽ ഭരണലക്ഷ്യം. പക്ഷേ, ഇത്തരമൊരു വീക്ഷണം ജനങ്ങളിൽ വളർത്തുന്നതിനുള്ള ഒരവസരമായി തിരഞ്ഞെടുപ്പിനെ ഒരു പാർട്ടിയും ഉപയോഗിച്ചിട്ടുള്ളതായി തോന്നുന്നില്ല. പ്രാദേശിക സ്വയംഭരണതലങ്ങളിൽ പാർട്ടിമാത്സര്യങ്ങൾ വേരൂന്നുകയാണെങ്കിൽ അതിന്റെ ഫലം ജനജീവിതം കുറെക്കൂടി അരക്ഷിതവും ആശങ്കാകുലവുമാവുകയെന്നതായിരിക്കും. അതാണോ 1988–ൽ സംഭവിക്കാൻപോകുന്നതു്?

അങ്ങനെ ആവാതിരിക്കട്ടെ

(6 ജനുവരി, 1988)

# 16. ജനസംഖ്യാ സ്ഫോടനം

ഗർഭധാരണം തടയുന്നതിനു് നിരപായങ്ങളും സുനിശ്ചിതങ്ങളും ചെലവു കുറഞ്ഞവയുമായ ധാരാളം ഉപായങ്ങൾ സുലഭങ്ങളാണെങ്കിലും മനുഷ്യവർഗം അത്യന്തം ആപത്കരമായ ഒരു ജനസംഖ്യാസ്ഫോടനത്തിന്റെ മധ്യത്തിലാണു് ഇന്നു നിലകൊള്ളുന്നതു്.

ജീവിച്ചിരിക്കുന്ന മനുഷ്യരെ ഒന്നുമുതൽ എണ്ണിത്തുടങ്ങിയാൽ, 'അഞ്ഞൂറു കോടി' എന്നു് എണ്ണേണ്ട ശിശു 1986 ജൂണിലോ ജൂലൈയിലോ ജനിച്ചതായി വിശ്വസിക്കപ്പെട്ടിരുന്നു. അമേരിക്കയിൽ വാഷിങ്ടൺ നഗരത്തിലുള്ള ജനസംഖ്യാ പഠനകേന്ദ്രം (പോപ്പുലേഷൻ റഫറൻസ് ബ്യൂറോ; പി. ആർ. ബി.) പറയുന്നതു്, ജീവിച്ചിരിക്കുന്ന മനുഷ്യരിൽ അഞ്ഞൂറു കോടിയാമത്തെ ആൾ എന്ന സവിശേഷത നേടിയതു് യുഗോസ്ലാവിയയിൽ സഗ്രേബ് നഗരത്തിൽ 1987 നവംബറിൽ പിറന്ന മതേജ്ഗാസ്പർ ആണെന്നത്രേ. മതേജ് ഗാസ്പറുടെ ജനനത്തിനു ശേഷമുള്ള നാലു മാസങ്ങളിൽ ലോക ജനസംഖ്യ അഞ്ഞൂറ്റിപ്പത്തു് കോടിയിലേറെയായി. ഇനി പത്തു വർഷംകൂടി കഴിയുമ്പോഴേക്കു്, 1997–ൽ, ലോക ജനസംഖ്യ അറുനൂറു കോടി കവിയുമെന്നാണു് ഇപ്പോൾ കരുതപ്പെടുന്നതു്. എ. ഡി. രണ്ടായിരമാണ്ടോടെ മനുഷ്യരുടെ എണ്ണം എഴുനൂറു കോടിയാവുമെന്നു് പ്രവചിക്കുന്ന ജനസംഖ്യാശാസ്ത്രജ്ഞരും കുറവല്ല.

ലോക ജനസംഖ്യ ആണ്ടുതോറും നൂറിനു് 1.7 എന്ന കണക്കിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു് അതായതു്, ഈ ആണ്ടിൽ ആയിരം ആളുകൾ ഉണ്ടായിരുന്നിടത്തു് അടുത്ത ആണ്ടിൽ ആയിരത്തി ഒരുനൂറ്റി എഴുപതു് ആളുകൾ ഉണ്ടാവും. ഇതു ശരാശരി വർദ്ധനയാണു്. ചില രാജ്യങ്ങളിൽ ഇത്രയും ജനവർദ്ധനയില്ല; പക്ഷേ, മറ്റു ചില രാജ്യങ്ങളിൽ ജനവർദ്ധന ഇതിലേറെയുണ്ടു്. ഇന്ത്യയിലെ ജനവർദ്ധന നൂറിനു 1.7 എന്ന കണക്കിലാണെന്നു് സർക്കാരും നൂറിനു് 2 എന്ന കണക്കിലാണെന്നു് അനൗദ്യോഗികവൃത്തങ്ങളും പറയുന്നു.

ഇന്ത്യയിൽ ഇപ്പോൾ എൺപത്തൊന്നു കോടി അറുപത്തെട്ടു ലക്ഷം (81,68,00,000) ജനങ്ങളുണ്ടത്രേ. ജനസംഖ്യാവർദ്ധന രണ്ടു ശതമാനമെന്നു കണക്കാക്കിയാൽ, ഇന്ത്യയിൽ അടുത്ത ഒരാണ്ടിൽ ഒരു കോടി അറുപത്തിമൂന്നു ലക്ഷത്തി മുപ്പത്താറായിരം (1,63,36,000) ആളുകൾകൂടി കൂടുതലായി ഉണ്ടായിരിക്കും. എ. ഡി. രണ്ടായിരാമാണ്ടിൽ ഇന്ത്യക്കാരുടെ എണ്ണം നൂറൊന്നു